"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ചീഫ് ടൗൺ പ്ലാനറുടെ കാര്യലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ. ഷാനവാസ് എ യ്ക്ക് കൊല്ലം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.888/2023/LSGD തീയതി,തിരുവനന്തപുരം, 18-04-2023

---

പരാമർശം:-
1. സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.
2. സ.ഉ.(സാധാ)നം.605/2020/തസ്വഭവ തീയതി 12.03.2020
3. സ.ഉ.(സാധാ)നം.689/2022/തസ്വഭവ തീയതി 21.03.2022
4. ശ്രീ. ഷാനവാസ് എ യുടെ 02.02.2023 ലെ അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.02.2023 ലെ LSGD/133/2023-IE3 നമ്പർ കത്ത്
6. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2023 ലെ എ3-976/2020 നമ്പർ കത്ത്.

**ഉത്തരവ്**

പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ചീഫ് ടൗൺ പ്ലാനറുടെ കാര്യലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ. ഷാനവാസ്. എ യ്ക്ക് കൊല്ലം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ. ഷാനവാസ് എ ക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ വിയോജിപ്പ് ഇല്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടറും കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്. ശ്രീ. ഷാനവാസ് എ യ്ക്ക് പരാമർശം (2), (3) എന്നിവ പ്രകാരം അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ചു നല്കകിയിരുന്നു. പ്രസ്തുത കാലാവധി 11.03.2023 ന് അവസാനിക്കും.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർ ശം (1) സർക്കുലറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ചീഫ് ടൗൺ പ്ലാനറുടെ കാര്യലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ. ഷാനവാസ് എ യ്ക്ക് കൊല്ലം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 12.03. 2023 മുതൽ ഒരു വർ ഷത്തേയ്ക്ക് / പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതു വരെ, ഏതാണോ ആദ്യം

അതുവരെ, അന്യത്ര സേവനകാല വ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് ഉത്തരവാകുന്നു .

4. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ് . അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ് . അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല . കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ് . അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം.

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കൊല്ലം.

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

ശ്രീ.ഷാനവാസ്.എ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II , നഗര ഗ്രാമാസൂത്രണ വകുപ്പ് (സെക്രട്ടറി കൊല്ലം ജില്ലാ പഞ്ചായത്ത് മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ1/28/2023/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 18-04-2023 11:39:58
സെക്ഷൻ ഓഫീസർ